

**ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന നിലയിൽ നിന്നും സ്വന്തം പൗരന്മാർക്കുമേൽ ചാരവൃത്തി നടത്തുന്ന ഏറ്റവും വലിയ രാഷ്ട്രമെന്ന പദവിയിലേക്ക് നീങ്ങുന്ന ഇന്ത്യയിലെ ഭരണകൂട ഒളിഞ്ഞുനോട്ടങ്ങളെക്കുറിച്ച്**

**കെ.പി. ശശി**

# ചാരന്മാർ ലോകം വാഴുമ്പോൾ!

ഹിറ്റ്ലറിന് വലിയൊരു ചാരവൃന്ദമുണ്ടായിരുന്നു. തനിക്കെതിരായുള്ള പൊതുസമൂഹത്തിന്റെ പ്രതികരണങ്ങളോട് ഭ്രാന്തമായ രീതിയിലാണ് ഈ സ്വേച്ഛാധിപതി പെരുമാറിയിരുന്നത്. അതുകൊണ്ട് ജർമ്മനിയിലെ കമ്മ്യൂണിസ്റ്റുകളുടെയും ജൂത സമൂഹത്തിന്റെയും അതുപോലെ, തന്നോട് അഭിപ്രായഭിന്നതയുള്ളവരുടെയും എല്ലാ വിശദ വിവരങ്ങളും ചോർത്താനായി വിശ്വസ്തരായ ഒരു കൂട്ടം ചാരന്മാരെ ഹിറ്റ്ലർ ചുമതലയേർപ്പെടുത്തി. നിർഭാഗ്യവശാൽ, സോഷ്യലിസ്റ്റെന്ന വ്യാജപരിവേഷമുണ്ടായിരുന്ന ജോസഫ് സ്റ്റാലിനും ഇത്തരത്തിലൊരു ഭ്രാന്തനായ സ്വേച്ഛാപതിയായിരുന്നു. ഔദ്യോഗികമായൊരു ചാരവൃന്ദമുപയോഗിച്ച് സ്റ്റാലിനും തന്റെ ജനങ്ങളെയും, നേതാക്കളെയും, പൗരസമൂഹത്തിലെ അംഗങ്ങളെയും രഹസ്യമായി നിരീക്ഷണവിധേയരാക്കിയിരുന്നു. സോവിയറ്റ് യൂണിയനിലെ ഔദ്യോഗിക ചാരസംഘടനയായ കെജിബിയ്ക്ക് ഇത്തരത്തിൽ പരമോന്നത അധികാരമാണ് ഉണ്ടായിരുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളുടെ മേൽ പോലും തങ്ങളുടെ ആജ്ഞകൾ നടപ്പിലാക്കാൻ അവരീ അധികാരം ഉപയോഗപ്പെടുത്തിയിരുന്നു. സഖാവ് ലെനിനൊപ്പം റഷ്യൻ വിപ്ലവത്തിൽ പങ്കാളികളായ കമ്മ്യൂണിസ്റ്റ് നേതാക്കളായ ബുക്കാറിൻ, കാംനേവ്, സിനോവേവ്, ട്രോട്സ്കി തുടങ്ങി ഡസനോളം പേർ സ്റ്റാലിന്റെ ചാരസംഘടനയുടെ ഇരകളായവരാണ്. റഷ്യയിലിന്ന് ജോസഫ് സ്റ്റാലിനൊരു വീരനായകനേ അല്ല. നിരവധി ദശാബ്ദങ്ങൾ പൂഴ്ത്തിവെയ്ക്കപ്പെട്ട സ്റ്റാലിനെതിരായ ലെനിന്റെ അവസാനവാക്കുകൾ ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടു. സ്റ്റാലിനൊരു ധിക്കാരിയും സ്വേച്ഛാധിപത്യ സ്വഭാവക്കാരനുമാണെന്നും അയാളെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിപദത്തിൽ നിന്ന് നീക്കം ചെയ്യണമെന്നുമായിരുന്നു അത്. എങ്കിലുമിന്നും കേരളത്തിലും പശ്ചിമബംഗാളിലുമുള്ള കമ്മ്യൂണിസ്റ്റ് പ്രതിഷേധ ജാഥകളിൽ സ്റ്റാലിന്റെ ചിത്രം ഉപയോഗിക്കുന്നു. ഒരുപക്ഷെ ഇത് റഷ്യൻ വിപ്ലവത്തിൽ കൂട്ടക്കൊല ചെയ്യപ്പെട്ട ആയിരകണക്കിനാളുകളുടെയും കുടുംബങ്ങളുടെയും പ്രതിഷേധത്തിന്റെ അവസാന മർമ്മരങ്ങളാവാം.

പരിഭാഷ: മേരി



**രഹസ്യ നിരീക്ഷണം ഒരു പതിവ് നടപടിയാണെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന കേരളത്തിനു തന്നെ അപമാനമാണ്. രാജ്യസുരക്ഷയുടെ പേരിൽ സ്വകാര്യതയിലേക്ക് കടന്നുകയറാനുള്ള അധികാരം ഗവൺമെന്റിനും തന്റെ പൊലീസ് സേനയ്ക്കുമുണ്ടെന്ന് പൊതുസമൂഹത്തിനോട് ഒരു മുഖ്യമന്ത്രി തന്റേടത്തോടെ വിളിച്ചു പറഞ്ഞിരിക്കുന്നു! ഇത്തരത്തിൽ ഗവൺമെന്റും അനുബന്ധ ശക്തികളും ചേർന്ന്പ്രയോഗിക്കുന്ന അധികാര മുഷ്ക്കാണ് യഥാർത്ഥത്തിൽ ജനങ്ങളുടെ സുരക്ഷയെ ചോദ്യം ചെയ്യുന്നത്**

ഇറാനിയൻ സ്വേച്ഛാധിപതിയായ ഷാ ദശാബ്ദങ്ങൾ ഇറാൻ അടക്കിഭരിച്ചത് തന്റെ ചാരപ്പടയുടെ ശക്തികൊണ്ട് മാത്രമായിരുന്നു. ഏത് അഭിപ്രായ ഭിന്നതയും ഉടനടി അദ്ദേഹത്തിന്റെ കാതിലെത്തി. ഷായുടെ ഏകാധിപത്യ ഭരണത്തിനെതിരെ വിവിധ രാജ്യങ്ങളിൽ നിന്നായി പ്രതിഷേധ ജാഥ നയിച്ചെത്തിയ വിദ്യാർത്ഥികൾ ഇറാനിൽ പ്രവേശിച്ചതും ഫയർ സ്ക്വാഡിന്റെ വെടിയുണ്ടകൾക്കിരയായി. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സൗകര്യപൂർവ്വമായ പിന്തുണയും ഷായ്ക്ക് ഉണ്ടായിരുന്നു. ഷാ അധികാര ഭ്രഷ്ടനായപ്പോൾ ചാരസംഘടന ഇനിയാരെ ലക്ഷ്യം വെയ്ക്കണമെന്നറിയാതെ ആശയക്കുഴപ്പത്തിലായി!

അമേരിക്കൻ ചാരസംഘടനയായ സി.ഐ.എ യ്ക്ക് വ്യത്യസ്തവും പരിഷ്കൃതവുമായൊരു മുഖമാണുള്ളത്. തങ്ങൾക്കു മുന്നിൽ തലകുനിക്കാൻ വിസമ്മതിച്ച മറ്റ് രാജ്യങ്ങളെ തകർത്ത്, അമേരിക്കയുടെ ഇഷ്ടാനുസരണം വഴങ്ങുന്ന പാവ ഗവൺമെന്റുകളെ സ്ഥാപിക്കാനുള്ള ശ്രമങ്ങളിലൂടെ ചരിത്രത്തിൽ തങ്ങളുടേതായ ഇടം തന്നെ സൃഷ്ടിച്ചവരാണ് സി.ഐ.എ. മുമ്പ്, അവർ രാഷ്ട്രത്തലവൻമാരെ വധിക്കാനും ശ്രമിച്ചിരുന്നു. ചിലിയുടെ പ്രസിഡന്റായിരുന്ന അലൻഡെ അത്തരത്തിലൊരു ലക്ഷ്യം മാത്രമായിരുന്നു. വൈകാതെ, ഭിന്നിച്ചു നിൽക്കുന്ന സംഘടനകളെ കൊണ്ട് ആ ജോലി ചെയ്യാനാകുമെന്നവർ കണ്ടെത്തി. അത്തരത്തിൽ സോവിയറ്റ് യൂണിയനെതിരെ പ്രവർത്തിക്കാൻ അമേരിക്ക കണ്ടെത്തിയ ഉപകരണമായിരുന്നു ഒസാമ ബിൻ ലാദൻ. മറ്റ് രാജ്യങ്ങളെ നിയന്ത്രിക്കുന്നതിലൂടെ തങ്ങളുടെ സാമ്പത്തിക താൽപര്യങ്ങളെ സംരക്ഷിക്കാനായി നേരിട്ടുള്ള നിരവധി യുദ്ധങ്ങൾക്കും അവർ ശ്രമിച്ചു. ചരിത്രം പുരോഗമിച്ചപ്പോൾ ബ്യൂറോക്രാറ്റുകൾക്കും രാഷ്ട്രീയക്കാർക്കുമൊപ്പം ചേർന്ന് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആ ജോലി ചെയ്യുന്ന അമേരിക്കയെ നമ്മൾ കണ്ടു. 'കൺഫഷൻസ് ഓഫ് ആൻ ഇക്കണോമിക് ഹിറ്റ് മാൻ' എന്ന പ്രശസ്തമായ പുസ്തകത്തിൽ അക്കഥ നിങ്ങൾക്ക് വായിക്കാം.

ഇത്തരത്തിൽ ചിന്തിച്ചാൽ നമ്മുടെ പ്രധാനമന്ത്രിയായ മൻമോഹൻ സിങ്ങിന് മന്ത്രിയാകും മുമ്പ് ഒരു രാഷ്ട്രീയ ചരിത്രമില്ലല്ലോ എന്ന് നമുക്ക് അതിശയിക്കാം. അദ്ദേഹം ഒരു വേൾഡ് ബാങ്ക് ഉദ്യോഗസ്ഥൻ മാത്രമായിരുന്നു. ഇന്ത്യയെ കീഴടക്കാൻ അഫ്ഗാനിസ്ഥാനിലോ ഇറാനിലോ നടത്തിയതു പോലുള്ള ഒരു യുദ്ധത്തിന്റെ ആവശ്യമില്ലെന്ന് അമേരിക്കക്കറിയാം. അവരത് കൂടുതൽ വൈദഗ്ദ്ധ്യത്തോടെ ചെയ്തു. ആണവ കരാറിന്റെ കാര്യമെടുത്താൽ, വസ്തുതകൾ പരിശോധിക്കുന്ന സാമാന്യബുദ്ധിയുള്ള ഏത് ഇന്ത്യാക്കാരനും മനസിലാവും അമേരിക്കൻ സാമ്രാജ്യത്വവും ഇന്ത്യൻ ഉപഭൂഖണ്ഡവും തമ്മിലുള്ള യുദ്ധം നടന്നു കഴിഞ്ഞെന്ന്. അമേരിക്കൻ താൽപര്യങ്ങൾക്കു മുന്നിൽ മാത്രമല്ല, പോസ്കോ പോലുള്ള ദക്ഷിണ കൊറിയയുടെ താൽപര്യങ്ങൾക്കു മുന്നിലും മൻമോഹൻ സിങ്ങ് തലതാഴ്ത്തി വണങ്ങാൻ തയ്യാറാണ്.

കുറഞ്ഞ പണവും കൂടുതൽ വിശ്വാസ്യവുമായ മാർഗത്തിലൂടെ കുറച്ചുകൂടി പരിഷ്കൃതമായി നിങ്ങളുടെ പാവ ഗവൺമെന്റ് കെട്ടിപ്പൊക്കാൻ കഴിയുമെങ്കിൽ അതിനു വേണ്ടി ഇറാക്ക്, അഫ്ഗാൻ യുദ്ധങ്ങൾ പോലെ ഇത്രയധികം പണം ചെലവഴിക്കുന്നതെന്തിനാണ്? മറ്റ് ചാരസംഘങ്ങളെ അപേക്ഷിച്ച് അമേരിക്കൻ സംഘടന ഇക്കാര്യത്തിൽ സുസജ്ജരുമാണ്.

പക്ഷെ അമേരിക്കൻ ചാരനെ പോലെ മറ്റൊരാൾ എവിടെയുമുണ്ടാവില്ല. എണ്ണമറ്റ ഹോളിവുഡ് സിനിമകളും നോവലുകളും അവർക്ക് നേടിക്കൊടുത്തിട്ടുള്ള പൊതുജന സമ്മതി അത്ര വലുതാണ്. ജയിംസ്ബോണ്ട് തന്നെ ഒരുദാഹരണം. അയാൾക്ക് സ്വന്തം കാമുകിയുടെ തന്നെ ചാരനാവാം, വേ

ണ്ടിവന്നാൽ കൊന്ന് ഹീറോയുമാകാം. ഒരിന്ത്യൻ ഹീറോ അത്തരത്തിലുള്ള ദുഷ്ടത പ്രവർത്തിക്കാൻ ഏതായാലും തയ്യാറാവില്ല. കിഴക്കൻ സംസ്കാരവും പാരമ്പര്യവുമനുസരിച്ച് കുറച്ച് അലിവും ക്ഷമയുമൊക്കെ അയാളിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്.പക്ഷെ കിഴക്കൻ രാജ്യങ്ങളിലെ ഭരണകൂടങ്ങൾക്ക് തങ്ങളുടെ പൗരന്മാരെ രഹസ്യമായി വീക്ഷിക്കുന്നതിൽ സി.ഐ.എയോളം സാമർത്ഥ്യമില്ല. കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുമായി ബന്ധപ്പെട്ടുണ്ടായ ഇമെയിൽ ചോർത്തൽ വിവാദം അതിനൊരുദാഹരണമാണ്.

മുസ്ലിം സമുദായത്തിനു മേൽ കേരള ഗവൺമെന്റ് നടത്തിയ ചാരവൃത്തിയുടെ പൊരുളഴിച്ചു കൊണ്ട് വിജു. വി. നായർ ഒരു പ്രധാന ലേഖനമെഴുതുകയുണ്ടായി. 2012 നവംബർ മൂന്നിന് സ്പെഷ്യൽ ബ്രാഞ്ച് എസ്പിയായ കെ.കെ. ജയമോഹൻ കേരള പൊലീസ് എഡിജിപിയായ എ. ഹേമചന്ദ്രനു വേണ്ടി, ഹൈ ടെക് ക്രൈം എൻക്വയറി സെൽ അസി. കമാൻഡറിന് ഒരു കത്തയച്ചു. കത്തിൽ പറയുന്നതിപ്രകാരമാണ്: "സിമി പ്രവർത്തനങ്ങളുമായി ബന്ധമുള്ള വ്യക്തികളുടെ ഇമെയിൽ ഐഡികളുടെ കോപ്പി കത്തിനൊപ്പം ചേർക്കുന്നു. ബന്ധപ്പെട്ട ഇമെയിൽ സേവനദാതാക്കളുടെ സഹായത്തോടെ ലിസ്റ്റിലുള്ള ഇമെയിൽ ഐഡികളും അവയുടെ രജിസ്ട്രേഷനും ലോഗിൻ ചെയ്ത വിശദാംശങ്ങളും ഉപയോഗിച്ച് അതാത് ഇമെയിൽ ഐഡിയുടെ ഉടമസ്ഥൻ ആരാണെന്ന് തിരിച്ചറിഞ്ഞ് അവരുടെ പേരും മേൽവിലാസവും കണ്ടെത്തി എത്രയും പെട്ടെന്ന് ഓഫീസിൽ റിപ്പോർട്ട് ചെയ്യാൻ നിങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു."

ഇമെയിൽ ചോർത്തലിനെ കുറിച്ച് മാധ്യമം വാരികയിൽ റിപ്പോർട്ട് വന്നപ്പോൾ മുഖ്യമന്ത്രിയുടെ പെട്ടെന്നുള്ള പ്രതികരണം കെകെ. ജയമോഹന്റെ കത്തിൽ എഴുതിയ സിമി ബന്ധം ഒരബദ്ധമായിരുന്നെന്നായിരുന്നു. പക്ഷെ ബന്ധപ്പെട്ട പൊലീസ് ഉദ്യോഗസ്ഥർക്കു നേരെ ഒരു നടപടിയുമുണ്ടായില്ല. പകരം, ഹൈ ടെക് സെൽ സബ് ഇൻസ്പെക്ടർ, മുസ്ലിമായ എസ്. ബിജുവിനെ സസ്പെൻഡ് ചെയ്തു. ഇമെയിൽ ചോർത്തലിന് അയാൾ ഉത്തരവാദി ആയിരുന്നു എന്നല്ല ബിജുവിനെതിരെയുള്ള ചാർജ്, മറിച്ച്, ചാരവൃത്തിയെ കുറിച്ചുള്ള വിവരങ്ങൾ ചോരാൻ അയാൾ ഉപകരണമായി എന്നുളളതായിരുന്നു. ചാരവൃത്തി സംരക്ഷിക്കപ്പെടേണ്ടതാണെന്ന് ഗവൺമെന്റിന് ഉറച്ച ബോധ്യമുണ്ട്.

തങ്ങളുടെ ജനതയെ രഹസ്യമായി നിരീക്ഷിക്കാനുള്ള അവകാശം ഗവൺമെന്റ് ഉയർത്തിപിടിക്കുമ്പോൾ തന്നെ അടുത്തിടെയുണ്ടായ സംഭവങ്ങൾ കൂടുതൽ അസ്വസ്ഥതയുളവാക്കുന്നതാണ്. തങ്ങളെ തന്നെ ന്യായീകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സിമി ബന്ധമാരോപിച്ച് മനുഷ്യാവകാശ പ്രവർത്തകനായ അഡ്വ. ഷാനവാസിനെ കസ്റ്റഡിയിലെടുത്തു. ഇമെയിൽ ചോർത്തൽ കേസിൽ ഇന്റലിജൻസ് വാർത്താവിനിമയം പുറത്തുവിടാൻ ഗൂഢാലലോചന നടത്തിയതിന്റെ പേരിലാണ് ക്രൈം ബ്രാഞ്ചിന്റെ ഹൈ-ടെക് സെൽ ഷാനവാസിനെ അറസ്റ്റ് ചെയ്തത്. കൈയിൽ നിന്ന് പിടിച്ചെടുത്ത എല്ലാ ഫയലുകളും ജോലിസംബന്ധമായ എല്ലാ ഡോക്യുമെന്റുകളുമായി അദ്ദേഹത്തെ യാതൊരുപാധികളും കൂടാതെ ഉടൻ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്താവന ഡൽഹിയിൽ ചേർന്ന പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകരുടെയും അഭിഭാഷകരുടെയും മാധ്യമപ്രവർത്തകരുടെയും സംഘം പുറത്തിറക്കി. നിയമത്തിനു മേലുള്ള കടന്നുകയറ്റവും വ്യത്യസ്ത അഭിപ്രായമുള്ളവരുടെ ശബ്ദത്തെ ഇല്ലാതാക്കാനുള്ള ശ്രമവുമാണ് അഡ്വ. ഷാനവാസിന്റെ അറസ്റ്റ് സൂചിപ്പിക്കുന്നത്. കൃത്രിമക്കേസുകളിൽ അഭിഭാഷകരെ കുടുക്കുന്നത് നിർഭയമായി നിയമസഹായം തേടാനുള്ള അവകാശത്തിനു മേലുള്ള കടന്നുകയറ്റമാണ്. അഡ്വ. ഷാനവാസിന്റെ കക്ഷികളെ അപമാനിക്കാനും ആത്മവീര്യം കെടുത്താനുമുള്ള വ്യക്തമായ ശ്രമമാണിത്. അതിൽ ഭൂരിഭാഗം പേരും വർഗ്ഗീയ വേട്ടയാടലിന്റെ ഇരകളുമാണ്.

ഇമെയിൽ ചോർത്തലിലൂടെയുള്ള വർഗീയ വേട്ടയാടലിനെ കുറിച്ച് പരസ്യമായി മാപ്പ് പറയുന്നതിന് പകരം ഇമെയിൽ വിവാദവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷത്തിൽ നിന്ന് പുതിയ ഇരകളെ കണ്ടെത്താനാണ് ഉമ്മൻ ചാണ്ടി സർക്കാർ ശ്രമിക്കുന്നത്. വിജു.വി.നായരുമൊത്ത് ഇമെയിൽ വിഷയം ഒരു വർഗീയ വിവാദമാക്കി മാറ്റാൻ അഡ്വ. ഷാനവാസ് ശ്രമിച്ചുവെന്നാണ് അധികൃതരുടെ ഭാഷ്യം. വർഗ്ഗീയതയെന്ന തുറുപ്പ്ചീട്ടുമായി കളിക്കുന്നതാരാണെന്ന് സ്ഥിരബുദ്ധിയുള്ളവർക്ക് മനസിലാവും. യഥാർത്ഥത്തിൽ മതേതര ഇമേജ് നിലനിർത്താൻ ഉമ്മൻ ചാണ്ടിക്ക് ആഗ്രഹമുണ്ടെങ്കിൽ ജനങ്ങളുടെ സ്വകാര്യ അവകാശങ്ങളിൽ കൈകടത്തുന്ന യഥാർഥ കുറ്റവാളികൾക്കെതിരെ ഉടനടി നടപടി സ്വീകരിക്കുകയാണ് വേണ്ടത്, അല്ലാതെ ആ വാർത്ത ജനങ്ങളിലേക്കെത്തിച്ച ആളുകളെ ക്രൂശിക്കുകയല്ല.

മാധ്യമം വാരികയിൽ വന്ന റിപ്പോർട്ടിൽ ചില പേരുകൾ വിട്ടുപോയെന്നും മറ്റ് ചില പിശകുകൾ ചൂണ്ടിക്കാട്ടുകയും ചെയ്തതിൽ നിന്ന് ഇമെയിൽ വിവാദത്തിനോടുള്ള മുഖ്യമന്ത്രിയുടെ പ്രതികരണം തികച്ചും സാങ്കേതികമാണെന്ന് കാണാൻ കഴിയും. യഥാർത്ഥ വസ്തുത മനസിലാക്കാൻ വിജു.വി.നായരേക്കാൾ സൗകര്യമുള്ള മുഖ്യമന്ത്രി ഇക്കാര്യത്തിൽ തർക്കിക്കുന്നതിൽ യാതൊരു കഴമ്പുമില്ല. എന്നാൽ മുഖ്യമന്ത്രിയുടെ, തുടർന്ന് വന്ന പരാമർശങ്ങളാണ് ചർച്ച ചെയ്യപ്പെടേണ്ടത്. 1. സൂക്ഷ്മ നീരിക്ഷണം പതിവിൻപടിയുള്ള നടപടി മാത്രമാണ്, അതിനിത്ര ബഹളം വെയ്ക്കേണ്ട കാര്യമില്ല. 2. മാധ്യമം വാരിക പ്രശ്നത്തെ വർഗീയവൽക്കരിക്കാൻ ശ്രമിക്കുകയാണ്. ഇവയാണ് യഥാർത്ഥത്തിൽ, കേരളത്തിൽ ചർച്ച ചെയ്യപ്പെടേണ്ട കാര്യങ്ങൾ.

രഹസ്യ നീരിക്ഷണം ഒരു പതിവ് നടപടിയാണെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന കേരളത്തിനു തന്നെ അപമാനമാണ്. രാജ്യസുരക്ഷയുടെ പേരിൽ ഏതൊരാളിന്റെയും സ്വകാര്യതയിലേക്ക് കടന്നുകയറാനുള്ള അധികാരം ഗവൺമെന്റിനും തന്റെ പൊലീസ് സേനയ്ക്കുമുണ്ടെന്ന് കേരളത്തിലെ പൊതുസമൂഹത്തിനോട് ഒരു മുഖ്യമന്ത്രി തന്റേടത്തോടെ വിളിച്ചു പറഞ്ഞിരിക്കുന്നു! ഇത്തരത്തിൽ ഗവൺമെന്റും അനുബന്ധ ശക്തികളും ചേർന്ന് പ്രയോഗിക്കുന്ന അധികാര മുഷ്ക്കാണ് യഥാർത്ഥത്തിൽ ജനങ്ങളുടെ സുരക്ഷയെ ചോദ്യം ചെയ്യുന്നത്.

അമേരിക്കൻ പ്രസിഡന്റായിരുന്ന നിക്സൺ പോലും അധികാര ഭ്രഷ്ടനാക്കപ്പെട്ടത് കുപ്രസിദ്ധമായ വാട്ടർ

ഗേറ്റ് സംഭവത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ ചാരവൃത്തി നടത്തിയതിനായിരുന്നെന്ന് മുഖ്യമന്ത്രി ഓർക്കേണ്ടതായിരുന്നു. ഇന്നാട്ടിലെ ജനങ്ങളുടെ സ്വകാര്യതയെ പിടിച്ചടക്കുക എന്നത് ഇന്ത്യൻ സ്റ്റേറ്റിന്റെ സ്ഥിരം തമാശകളിലൊന്നായി മാറിയിരിക്കുന്നു. ഇതേ വിഷയത്തിൽ തന്നെയാണ് കർണാടകയിൽ മുഖ്യമന്ത്രി രാമകൃഷ്ണ ഹെഗ്ഡെ തൽസ്ഥാനമൊഴിയേണ്ടി വന്നതെന്നും ഉമ്മൻ ചാണ്ടി ഓർക്കുന്നത് നല്ലതായിരിക്കും.

മുമ്പൊക്കെ സ്റ്റേറ്റ് നടത്തുന്ന ചാരവൃത്തിക്ക് പരിധികളുണ്ടായിരുന്നു. ദശാബ്ദങ്ങൾക്കു മുമ്പ് എന്റെയൊരു ആക്ടിവിസ്റ്റ് സുഹൃത്തിന് സീൽ പൊട്ടിച്ച അവസ്ഥയിൽ കത്തുകൾ വരാൻ തുടങ്ങി. ഇത് തുടർച്ചയായപ്പോൾ അദ്ദേഹം പോസ്റ്റ്മാസ്റ്റർക്ക് ഇങ്ങനെയെഴുതി: "എനിക്കുവരുന്ന കത്തുകൾ മറ്റുള്ളവരെ വായിക്കാൻ അനുവദിക്കുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല, പക്ഷെ കത്തുകൾ വായിച്ച ശേഷം പഴയപോലെ ഒട്ടിച്ച് അയക്കാൻ അവരോട് പറയുക." അതോടെ ആ പ്രശ്നം പരിഹരിക്കപ്പെട്ടു. ആദ്യ കാലഘട്ടങ്ങളിൽ ഇതായിരുന്നു അവസ്ഥയെങ്കിൽ ഇലക്ട്രോണിക് വിനിമയോപാധികളുടെ ഇക്കാലത്ത് ഏത് വ്യക്തിപരമായ വിനിമയവും മറ്റൊരു വിഭാഗത്തിന്റെ പതിവ് സൂക്ഷ്മനിരീക്ഷണ നടപടിയായി മാറുന്ന അവസ്ഥ വന്നിരിക്കുന്നു. ക്ഷമിക്കുക, ഞങ്ങൾക്ക് നിങ്ങളുടെ സാന്നിദ്ധ്യമില്ലാതെ രണ്ടക്ഷരം കൈമാറാനുള്ള അവകാശമില്ലേ, എന്ന് രാജ്യത്തെ ജനങ്ങൾ തങ്ങളുടെ അധികാരികളോട് ചോദിക്കേണ്ട ദുരവസ്ഥയാണിന്ന്.

പക്ഷെ, രാഷ്ട്രീയ അവബോധമുള്ള കേരളീയർ ഈ കളിയുടെ അവസാന ഫലമെന്തെന്നറിയാൻ കാത്തിരിക്കുകയാണ്. കാരണം ഈ വിവാദത്തിലെ ശരിയായ ഇരകൾ ന്യൂനപക്ഷ സമുദായമാണ്. ഇമെയിൽ നിരീക്ഷണവിധേയമാക്കിയ 268 പേരിൽ 258 പേരും മുസ്ലിങ്ങളാണ്. സംസ്ഥാനത്തിന്റെ മൊത്ത ജനസംഖ്യയിൽ ആകെ 26 ശതമാനം മാത്രമാണ് മുസ്ലിങ്ങളുള്ളത്. എന്നിട്ടും നിരീക്ഷണവിധേയമാക്കിയ ഇമെയിലുകളുടെ ഉടമസ്ഥരിൽ 95 ശതമാനം പേരും മുസ്ലിങ്ങളായതെന്തുകൊണ്ട്? വാസ്തവത്തിൽ ആരാണിവിടെ വർഗ്ഗീയത വളർത്തുന്നത്? മാധ്യമം വാരികയോ, അഡ്വ. ഷാനവാസോ അതോ ഉമ്മൻ ചാണ്ടിയോ? ചിന്തിക്കുന്ന ഏതൊരു പൗരനും ഉത്തരം വ്യക്തമാണ്.

യൂസർ നെയിമും ഇമെയിൽ ഐഡികളുടെ ലോഗിൻ വിശദാംശങ്ങളും മാത്രമാണ് ശേഖരിച്ചതെന്നും 268 പേരുടെ പാസ്‌വേഡുകൾ കമ്പനികൾ കൈമാറില്ലെന്നുമാണ് ഉമ്മൻ ചാണ്ടിയുടെ അവസാന അവകാശവാദം. ഇത് ബാലിശമാണ്. കാരണം, ലോഗിൻ വിശദാംശങ്ങൾ ലഭിച്ചാൽ മെയിലുകൾ തുറന്ന് പരിശോധിക്കാൻ കഴിയുമെന്ന് എല്ലാവർക്കും അറിയാം. അങ്ങനെ വരുമ്പോൾ ജനങ്ങളുടെ സ്വകാര്യതയെ തകർക്കുന്നത് ഗവൺമെന്റും പോലീസും മാത്രമല്ല, കമ്പനികളും കൂടിയാണ്. സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം, ഇന്ത്യൻ ഭരണഘടന മൂന്നാം ഭാഗത്തിൽ ആർക്കിൾ 14,15,17,21 എന്നിവ പ്രകാരം പൗരന്മാരുടെ അടിസ്ഥാന അവകാശങ്ങളുടെ ലംഘനമാണ്. അതിനുള്ള അധികാരം തനിക്കുണ്ടെന്ന് സ്ഥാപിക്കുന്നതിലൂടെ ജെയിംസ് ബോണ്ട് എന്ന ചാരന്റെ മുഖംമൂടി അണിയാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്. പക്ഷെ ഇരകൾ റഷ്യക്കാരല്ല, മുസ്ലിങ്ങളും നീതിക്കുവേണ്ടി പോരാടുന്ന ജനങ്ങളെ പിന്തുണയ്ക്കുന്നവരുമാണെന്നു മാത്രം.

സ്വകാര്യതയെ ആക്രമിക്കുന്നതൊരു ഫാസിസ്റ്റ് പ്രവണതയാണെന്നാണ് ഈ വിഷയത്തിൽ മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ അഭിപ്രായം. ചരിത്രത്തിൽ വളരെ കുറച്ച് കാലമെങ്കിലും ഫാസിസം നിലനിന്നത് സ്വന്തം ജനങ്ങളെ ഭംഗിയായി രഹസ്യ നിരീക്ഷണത്തിനിരയാക്കിയതിന്റെ ഫലമായിട്ടാണ്. പക്ഷെ മുസ്ലിം ലീഗിന്റെ റോൾ കൂടുതൽ സന്ദിഗ്ദ്ധമാണ്. 268 പേരുടെ ലിസ്റ്റിൽ മുസ്ലിം ലീഗ് നേതാക്കളുമുണ്ട്. എന്നിട്ടും തങ്ങളുടെ സമുദായത്തെ സംരക്ഷിക്കുന്ന തരത്തിലുള്ള ശക്തമായ നിലപാടൊന്നും ലീഗ് ഇതുവരെ എടുത്തിട്ടില്ല. തങ്ങളെ സംരക്ഷിക്കാൻ നേതാക്കൾക്ക് കഴിയുന്നില്ലെങ്കിൽ മറ്റ് സാധ്യതകൾ തേടാനുള്ള അവകാശം നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങൾക്കുണ്ടെന്ന് രാഷ്ട്രീയ നേതാക്കൾ മനസിലാക്കേണ്ടതാണ്.

268 പേരുടെ ലിസ്റ്റിൽ ക്രിമിനൽ പശ്ചാത്തലമുള്ള ആരുമില്ല. അധ്യാപകർ, പ്രഫഷണലുകൾ, ബിസിനസുകാർ, രാഷ്ട്രീയക്കാർ തുടങ്ങിയവരാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ കേരളത്തിൽ മുഖ്യധാരാ മാധ്യമങ്ങളായ മാതൃഭൂമി, മാധ്യമം, ചന്ദ്രിക, തേജസ് തുടങ്ങിയവയിലെ മുസ്ലിം പത്രപ്രവർത്തകരും! കേരളത്തിലെ ജേണലിസ്റ്റ് അസോസിയേഷൻ ഈ വിഷയത്തിൽ ശക്തമായ നിലപാടെടുത്തു കഴിഞ്ഞു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ജേണലിസ്റ്റ് അസോസിയേഷന്റെ സ്റ്റേറ്റ് യൂണിയൻ പ്രസിഡന്റായ കെ.സി. രാജഗോപാൽ ആവശ്യപ്പെട്ടു. എന്നാൽ മുഖ്യമന്ത്രിയാകട്ടെ, വ്യക്തമായ ഉത്തരം തരാതെ ഒഴിഞ്ഞുമാറുകയാണ്.

ഒരുകാര്യത്തിൽ മുഖ്യമന്ത്രിക്ക് ആശ്വസിക്കാം. അദ്ദേഹം മാത്രമല്ല ചാരവൃത്തി ചെയ്യുന്നത്. മൻമോഹൻ സിങ്ങ് പോലും ചാരവൃത്തി അഭ്യസിക്കാനുള്ള ശ്രമത്തിലാണ്. ഏകീകൃത തിരിച്ചറിയൽ കാർഡ് പദ്ധതിയെ ചുറ്റിപ്പറ്റിയുള്ള വിവാദം ഒരുദാഹരണമാണ്. വ്യക്തിഗത വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യാനുള്ള പദ്ധതിയുടെ ഭാഗമായി എല്ലാ പൗരന്മാരും തങ്ങളുടെ വ്യക്തിഗതമായ വിശദാംശങ്ങളെല്ലാം നൽകണമെന്ന് ഇന്ത്യൻ സ്റ്റേറ്റ് ആവശ്യപ്പെടുകയാണ്. അതോടെ രഹസ്യ നിരീക്ഷണം സുഗമമാകുമല്ലോ! ദക്ഷിണാഫ്രിക്കയിലെ നടാൽ പ്രവിശ്യയിൽ (1906-1914) ഇന്ത്യാക്കാർക്ക് പാസുകൾ ഏർപ്പെടുത്തുന്നതിനെ എതിർത്തുകൊണ്ട് ഗാന്ധിജി എഴുതി: "എന്റെ അറിവിൽ ലോകത്തിന്റെ ഒരു ഭാഗത്തും സ്വതന്ത്രരായ മനുഷ്യർക്കെതിരെ ഇത്തരത്തിലുള്ള നിയമനിർമ്മാണം നടന്നിട്ടില്ല. നടാലിലെ ഇന്ത്യാക്കാർ പാസ് എന്ന ഗുരുതരമായ വ്യവസ്ഥയെ നേരിടുകയാണെന്ന് എനിക്കറിയാം... എന്നാൽ അടിയന്തര നിയമം ആവശ്യപ്പെടുന്നതനുസരിച്ച് വിരലടയാളങ്ങൾ നൽകുന്ന ഈ പാവം ജനങ്ങളെ സ്വതന്ത്രരായ മനുഷ്യരെന്ന് കണക്കാക്കാനും കഴിയില്ല. വിരലടയാളങ്ങളെ കുറിച്ചുള്ള ഒരു പുസ്തകത്തിൽ ഞാൻ വായിച്ചത് നിയമാനുസൃതമായി വിരലടയാളം ശേഖരിക്കുക കുറ്റവാളികളിൽ നിന്നു മാത്രമാണെന്നാണ്". അദ്ദേഹമീ നടപടിയെ കറുത്ത നടപടിയെന്നാണ് വിശേഷിപ്പിച്ചത്. ഇന്ന് ഗാന്ധിജി ജീവനോടുണ്ടായി

രുന്നെങ്കിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് പദ്ധതിയെ ആദ്യമെതിർക്കുക അദ്ദേഹമായിരിക്കും. പക്ഷെ ഉമ്മൻ ചാണ്ടിയും മൻമോഹൻ സിങ്ങുമൊക്കെ ഗാന്ധിജിയിൽ നിന്നും വളരെ ദൂരെയാണല്ലോ.

ഉമ്മൻ ചാണ്ടിയെ പോലെ ചിന്തിക്കുന്ന മറ്റാളുകളും കേരളത്തിലുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയുടെ വൈസ് ചാൻസലർ. ക്യാമ്പസിനകത്ത് പ്രകടനം നടത്തുന്നത് അദ്ദേഹം നിരോധിച്ചു. പോസ്റ്ററുകൾ പതിക്കാനും വിദ്യാർത്ഥികൾക്ക് അനുവാദമില്ല. അടുത്ത നടപടിയാണ് ഏറെ വിചിത്രം. വിദ്യാർത്ഥികളെ നിരീക്ഷിക്കാനായി ക്യാമ്പസിനകത്ത് വീഡിയോ ക്യാമറകൾ സ്ഥാപിച്ചു! കാലിക്കറ്റ് സർവ്വകലാശാലയ്ക്കൊരു രാഷ്ട്രീയ പാരമ്പര്യമുണ്ട്. എതിർപ്പുകൾ അനുവദിക്കാതിരുന്ന അടിയന്തരാവസ്ഥക്കാലത്ത് പോലും ഈ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ അഭിപ്രായസ്വാതന്ത്ര്യത്തിനുള്ള തങ്ങളുടെ അവകാശത്തിനു വേണ്ടി ശബ്ദമുയർത്തിയിരുന്നു. അത്തരത്തിൽ യുവത്വത്തിന്റെ പ്രതിഷേധത്തിന്റെ ശക്തിയിലൂടെയാണ് ഇന്ദിരാ ഗാന്ധി സ്ഥാനഭ്രഷ്ടയാക്കപ്പെട്ടത്. അടിയന്തരാവസ്ഥയെ അനുകൂലിച്ച കോൺഗ്രസ് പാർട്ടിയും സിപിഐയും അന്നതിന് വലിയ വില നൽകേണ്ടിവന്നു. ഇന്ന് യുവജനങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യത്തെ നിരോധിക്കുകയെന്നത് വ്യാപകമായൊരു പ്രതിഭാസമായി തീർന്നിരിക്കുന്നു. ജാമിയ മിലിയ സർവ്വകലാശാലയിലും ഇത്തരത്തിൽ വീഡിയോ ക്യാമറ നിരീക്ഷണവും പ്രകടനങ്ങളുടെ വിലക്കും നിലവിൽ വന്നിരിക്കുന്നു. എഴുപതുകളിൽ ഇന്ത്യൻ സമൂഹം നേരിട്ട പ്രഖ്യാപിത അടിയന്തരാവസ്ഥ ഇപ്പോൾ അധികാരികളുടെ പ്രഖ്യാപനമൊന്നുമില്ലാതെ തിരിച്ചുവരികയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ വ്യവസ്ഥയിൽ വളർന്നുവരുന്ന ഈ പ്രവണത എന്നിൽ രണ്ട് പ്രധാന ചോദ്യങ്ങളുയർത്തുന്നു. വിദ്യാഭ്യാസമെന്നത് മനസുകളെ തുറന്നുവിടലാണെങ്കിൽ വിമർശനാത്മകമായ ഭിന്നാഭിപ്രായങ്ങളില്ലാതെ എങ്ങനെയാണ് വിദ്യാഭ്യാസം സാദ്ധ്യമാകുക? രണ്ടാമതായി, സൂക്ഷ്മ നിരീക്ഷണത്തിനു വിധേയമാക്കപ്പെട്ട ഒരു വിദ്യാർത്ഥി സമൂഹം എങ്ങനെയാണ് വിദ്യയഭ്യസിക്കുക? കാലിക്കറ്റ് സർവ്വകലാശാലാ വിസി ഒരുപടി കൂടി മുന്നോട്ടു പോയി. ഈ വിഷയത്തിൽ പ്രഭാഷണത്തിനെത്തിയ ഡോ. കെ.എൻ. പണിക്കർക്ക് അതിനുള്ള അനുമതി നിഷേധിച്ചു. എതിർപ്പ് വകവെക്കാതെ വിദ്യാർത്ഥികളും സ്റ്റാഫും ചേർന്ന് പരിപാടി നടത്തിയ ദിവസം ക്യാമ്പസ് പോലീസ് സേനയെ കൊണ്ട് നിറഞ്ഞു. ക്രിയാത്മക സംവാദങ്ങൾ പോലും നിഷേധിക്കപ്പെടുന്നിടത്ത് അർത്ഥപൂർണമായ വിദ്യാഭ്യാസം സാദ്ധ്യമാകുന്നതെങ്ങനെയാണ്? ആഗോളീകരണാനന്തര ഇന്ത്യയിൽ അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള ഇടങ്ങൾ ചുരുങ്ങി കൊണ്ടിരിക്കുന്നതിന്റെ വെളിച്ചത്തിലാണ് കാലിക്കറ്റ് സർവ്വകലാശാലയിലെയും ജാമിയ മിലിയയിലെയും പരിഷ്ക്കാരങ്ങളെ കാണേണ്ടത്.

ഇതേ പശ്ചാത്തലത്തിലാണ് ചാരവൃത്തിയും വിലയിരുത്തപ്പെടേണ്ടത്.

തെരെഞ്ഞെടുപ്പ് വ്യവസ്ഥയിലകപ്പെടുന്ന ജനങ്ങൾ മറ്റ് നിവൃത്തിയില്ലാതെ ഭരണകൂടത്തിനുമേൽ ഏൽപ്പിക്കുന്നൊരു വിശ്വാസമുണ്ട്. രാഷ്ട്രീയ ശൃംഖലകളാൽ സംരക്ഷിക്കപ്പെടുന്ന കൊള്ളക്കാർക്കും പണക്കാർക്കുമിടയിലാണ് ജനങ്ങളുടെ തെരെഞ്ഞെടുപ്പ്. ഇത്തരമൊരു ഭരണകൂടം ജനങ്ങളോട് തങ്ങളുടെ വ്യക്തിഗതമായ സൂക്ഷ്മവിവരങ്ങൾ സമർപ്പിക്കാൻ പറയുന്നത് അന്യായമാണ്.

അമേരിക്ക, ഓസ്ട്രേലിയ, ബ്രിട്ടൻ എന്നിവിടങ്ങളിൽ ഇതിനോടകം ദേശീയ തിരിച്ചറിയൽ കാർഡുകൾ ഉപേക്ഷിച്ചു കഴിഞ്ഞു. ഗവൺമെന്റ് ജനങ്ങളെ സേവിക്കാനുള്ളതാണ്, ഭരിക്കാനുള്ളതല്ലെന്നും ഇത്തരത്തിലുള്ള സംവിധാനം സ്റ്റേറ്റിന്റെ അതിക്രമിച്ചുള്ള ഉപദ്രവത്തിനു കാരണമാകുമെന്നുമാണ് ബ്രിട്ടന്റെ ഹോം സെക്രട്ടറി വിശദീകരിച്ചത്. ജനാധിപത്യ അവകാശങ്ങൾ ഇന്ത്യയിലേക്കാൾ കുറവായ ഫിലിപ്പൈൻസിൽ പോലും പ്രസിഡന്റ് ഉത്തരവിട്ട, ബയോമെട്രിക് അടിസ്ഥാനമാക്കിയുള്ള ദേശീയ തിരിച്ചറിയൽ കാർഡ് വ്യവസ്ഥയെ നിയമവിരുദ്ധമെന്ന് പ്രഖ്യാപിച്ച് സുപ്രീം കോടതി തടഞ്ഞത് രണ്ട് കാരണങ്ങളാലാണ്. നിയമനിർമ്മാണ സഭയ്ക്കു മുകളിലുള്ള ഭരണകൂടത്തിന്റെ കടന്നുകയറ്റവും പൗരന്മാരുടെ സ്വകാര്യതയെ പിടിച്ചടക്കലും.

എന്നാൽ മൻമോഹൻ സിങ്ങിനു കീഴിൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം ഏകീകൃത തിരിച്ചറിയൽ കാർഡ് പദ്ധതിയുമായി മു



**തെരെഞ്ഞെടുപ്പ് വ്യവസ്ഥയിലകപ്പെടുന്ന ജനങ്ങൾ മറ്റ് നിവൃത്തിയില്ലാതെ ഭരണകൂടത്തിനുമേൽ ഏൽപ്പിക്കുന്നൊരു വിശ്വാസമുണ്ട്. രാഷ്ട്രീയ ശൃംഖലകളാൽ സംരക്ഷിക്കപ്പെടുന്ന കൊള്ളക്കാർക്കും പണക്കാർക്കുമിടയിലാണ് ജനങ്ങളുടെ തെരെഞ്ഞെടുപ്പ്. ഇത്തരമൊരു ഭരണകൂടം ജനങ്ങളോട് തങ്ങളുടെ വ്യക്തിഗതമായ സൂക്ഷ്മവിവരങ്ങൾ സമർപ്പിക്കാൻ പറയുന്നത് അന്യായമാണ്.**

ന്നോട്ട് പോകുന്നു. പക്ഷെ ഈ വിഡ്ഢിത്തത്തിന്റെ അനന്തരഫലം ഗുരുതരമായിരിക്കും. മുമ്പൊരിക്കലും നടന്നിട്ടില്ലാത്ത തരത്തിൽ ജനങ്ങളെ നിരീക്ഷണവിധേയമാക്കാൻ ഇത് ഭരണകൂടത്തെ സഹായിക്കും. നമ്മളാഗ്രഹിച്ചില്ലെങ്കിലും ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന നിലയിൽ നിന്ന് ചാരവൃത്തി നേരിടുന്ന ഏറ്റവും വലിയ രാഷ്ട്രമെന്ന പദവിയിലേക്ക് മാറാൻ അധികകാലം വേണ്ടിവരില്ല. ഭരണകർത്താക്കൾ തന്നെ ജനങ്ങളുടെ ചാരന്മാരാകുമ്പോൾ, ഓരോ പൗരന്റെയും സ്വകാര്യതയെ സംരക്ഷിക്കാൻ അനുവദിച്ചിട്ടുള്ള ഭരണഘടനാപരമായ സ്വാതന്ത്ര്യം പ്രകടിപ്പിക്കുക എന്നതു മാത്രമാണ് പൗരസമൂഹത്തിന് ചെയ്യാനാവുന്നത്.

എന്തിനാണ് ഇന്ത്യൻ സ്റ്റേറ്റ് സ്വന്തം പൗരന്മാരെ ഭയപ്പെടുന്നത്? രഹസ്യ നിരീക്ഷണം കൂടാതെ ആരോഗ്യപരമായ ഭരണം സാധ്യമാകില്ലേ? സർക്കാർ ചാരന്മാരിൽ നിന്ന് എന്നാണ് ജനകീയ പ്രസ്ഥാനങ്ങൾ സ്വതന്ത്രരാകുക? തങ്ങളെ തന്നെ നിരീക്ഷണവിധേയരാക്കുന്ന ചാരന്മാരെ തീറ്റിപ്പോറ്റാൻ ഇന്ത്യൻ ജനത പണം നൽകേണ്ട കാര്യമെന്താണ്? ഈ ലോജിക് എനിക്ക് വ്യക്തമാകുന്നില്ല. പക്ഷെ ഒരു വസ്തുത വളരെ വ്യക്തമാണ്. സ്വന്തം ജനതയെ ഭയക്കുന്നതുകൊണ്ടാണ് ഭരണകൂടം അവരെ ഭയപ്പെടുത്തി നിർത്താൻ ശ്രമിക്കുന്നത്. ബിനായക് സെൻ ക്യാമ്പെയ്ൻ ശക്തിയാർജ്ജിക്കുന്നതുവരെയും ജനങ്ങൾക്ക് അതിന്റെ ഭാഗമാവാൻ ഭയമായിരുന്നു. അതുപോലെ തന്നെ, മദനി നിരപരാധിയാണെന്ന് അറിയാമായിരുന്നിട്ടും ബന്ധപ്പെട്ട വിഷയത്തിൽ അഭിപ്രായം പറയാൻ ഇന്ന് ജനങ്ങൾ ഭയക്കുന്നു. തങ്ങളുടേതായിരുന്ന ഭീതിയെ ജനങ്ങളിലേക്ക് കൈമാറ്റം ചെയ്യുന്നതിൽ ഭരണകൂടം വിജയിച്ചിരിക്കുന്നു!

ആഗോളീകരണത്തിനു ശേഷം ലോകബാങ്ക് പോലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള, യാതൊരു രാഷ്ട്രീയ പാരമ്പര്യവുമില്ലാത്ത ആളുകൾ രാഷ്ട്രീയ നേതാക്കളാകുന്നത് ഇന്ത്യയിൽ പൊതുസംഭവമാകുകയാണ്. ഇത് ഇന്ത്യൻ ഭരണകൂടത്തിന്റെ സ്വഭാവവും മാറ്റിമറിക്കാനിടയാക്കുന്നു. ദേശീയ നേതാക്കളുടെ അടുത്ത തലമുറ ചിലപ്പോൾ ചാരവൃന്ദത്തിൽ നിന്നായിരിക്കും. ഭരണകൂടമെങ്ങനെ മാറണമെന്ന് ഈ ചാരന്മാർ തീരുമാനിക്കാനും മതി! പക്ഷെ ചരിത്രം നമ്മെ പഠിപ്പിക്കുന്നൊരു പാഠമുണ്ട്: നിരീക്ഷണവിധേയരാകുന്ന ഒരു സമൂഹം ഒരിക്കലും സ്വതന്ത്രരാകുന്നില്ല!

എന്താണ് ഈ പ്രശ്നത്തിനൊരു പരിഹാരം? ഇമെയിൽ വിവാദത്തിൽ അടിയന്തരമായി നിയമ നടപടി സ്വീകരിക്കണമെന്നാണ് എന്റെ ആക്ടിവിസ്റ്റ് സുഹൃത്തുക്കളുടെ അഭിപ്രായം. ഇതെന്റെ ജോലിയായിരിക്കാം. പക്ഷെ വ്യക്തിപരമായി എന്റെ അഭിപ്രായം കൂടുതൽ കടുത്ത നടപടിയെടുക്കണമെന്നാണ്. ഈ പ്രശ്നത്തിന് എന്റെ ഉത്തരം ഇവിടത്തെ ജനങ്ങൾ ചാരന്മാരെ തിരിച്ച് നിരീക്ഷണവിധേയരാക്കണമെന്നാണ്. അതാണ് വിജു.വി. നായർ ചെയ്തതും.

ഭാവിയിൽ ജനങ്ങളുടെ ഭാഗത്തു നിന്നും കൂടുതൽ ചാരന്മാർ ഉണ്ടാകുമെന്നാണ് എന്റെ പ്രതീക്ഷ. സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന ജനങ്ങൾ തങ്ങളുടെ സ്വാതന്ത്ര്യത്തെ ലംഘിക്കാൻ ശ്രമിക്കുന്നവരെ നിരീക്ഷിക്കാൻ സംയോജിതമായൊരു ശ്രമം നടത്തിയാൽ, അതിലവർ ഭൂലോകത്തുള്ള ഏത് സി.ഐ.എ ക്കാളും മികവ് കാട്ടും. ജനങ്ങൾ തങ്ങളുടെ അവകാശങ്ങളെ കുറിച്ച് ബോധവാന്മാരല്ലെങ്കിൽ നഷ്ടമാകുന്ന സ്വാതന്ത്ര്യത്തിനെ കുറിച്ച് വേവലാതിപ്പെടേണ്ട ആവശ്യമില്ല. സ്വാതന്ത്ര്യം ഭിക്ഷാദാനമായി ലഭിക്കുന്ന ഒന്നല്ല. നിരന്തര ഇടപെടലുകളിലൂടെയും പൊരുതലിലൂടെയും ലഭിക്കുന്നതാണത്. 'അടിമത്തത്തിനെതിരെ പ്രതികരിക്കുന്ന ഒരടിമ അടിമയല്ലാതാവുന്നു' എന്ന ഹെഗലിന്റെ വാക്കുകൾ നമുക്കോർക്കാം. ഒരടിമയുടെ തിരിച്ചറിവ് തന്നെയാണ് അടിമത്തത്തിൽ നിന്നെപ്പോൾ മോചിതനാവണമെന്ന് അയാളെക്കൊണ്ട് തീരുമാനമെടുപ്പിക്കുന്നത്. അത്തരത്തിലുള്ള തിരിച്ചറിവാണ് കേരളത്തിൽ എക്കാലത്തും പ്രതിഷേധത്തിന്റെ അലകളുയർത്തിയിട്ടുള്ളതും. നിലനിൽക്കുന്ന സ്ഥാപനങ്ങൾ തങ്ങളുടെ എതിർപ്പ് ശക്തമാക്കണോ, അതോ സ്വയം തിരുത്തണോ എന്ന് തീരുമാനിക്കാനും ഈ തിരിച്ചറിവ് സഹായിക്കും!

### പ്രതികരിക്കുക

ഇമെയിൽ വിവാദവുമായി ബന്ധപ്പെട്ട് മാധ്യമം റിപ്പോർട്ടർ വിജു. വി. നായരെ പ്രതിയാക്കി കേസെടുക്കുന്നതിനെതിരെ പ്രതിഷേധിക്കുന്നു. വിജു. വി. നായരെ തീവ്രവാദ ഗൂഢാലോചനയിൽ പങ്കാളിയാക്കി ചിത്രീകരിച്ച് നിയമനടപടികളിലേക്ക് വലിച്ചിഴക്കാനുള്ള നീക്കം ഉപേക്ഷിക്കണം. അത് പൗരാവകാശങ്ങളുടെയും മാധ്യമ സ്വാതന്ത്ര്യത്തിന്റെയും മേലുള്ള കടന്നുകയറ്റമാണ്. 258 ഓളം പേരുടെ ഇമെയിലുകൾ സർക്കാർ നിരീക്ഷിക്കുന്നതിനെക്കുറിച്ചുള്ള വാർത്തയാണ് വിജു. വി. നായർ പ്രസിദ്ധീകരിച്ചത്. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ സർക്കാറാണ് കുറ്റക്കാർ. സർക്കാറിന്റെ ദുഷ്ചെയ്തികൾ പുറത്തുകൊണ്ടുവരുന്ന മാധ്യമപ്രവർത്തകരെ വേട്ടയാടുന്നതിനെതിരെ ജനാധിപത്യ കേരളം പ്രതികരിക്കുക.

## ടി. പി. ചന്ദ്രശേഖരൻ വധം
## കൊലപാതക രാഷ്ട്രീയത്തിനെതിരെ ജനാധിപത്യ സംഗമം

റെവലൂഷണറി മാർക്സിസ്റ്റ് പാർട്ടി നേതാവ് ടി.പി ചന്ദ്രശേഖരനെ നിഷ്ഠൂരമായി കൊലപ്പെടുത്തിയ സാഹചര്യത്തിലും കൊലപാതക - ക്രിമിനൽ രാഷ്ട്രീയം കേളത്തിൽ ശക്തമാകുന്ന പശ്ചാത്തലത്തിലും സി.പി.എം ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും ഇതേ രാഷ്ട്രീയ ഭീകരവാദം നടപ്പാക്കുന്നവരായതിനാലും രാഷ്ട്രീയ ഭീകരവാദത്തിനെതിരെ മനുഷ്യസ്നേഹികളും ജനാധിപത്യവാദികളും ഒന്നിക്കേണ്ടിയിരിക്കുന്നു. അത്തരം ഒരു ജനകീയ പ്രതിരോധത്തിനുള്ള പ്രാഥമിക ശ്രമമായി, നവ ജനാധിപത്യ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മെയ് 22ന് എറണാകുളത്ത് വെച്ച് ഭീകരവാദത്തിനെതിരെ ജനമനസാക്ഷിയുണർത്തുന്നതിന് ജനാധിപത്യ സംഗമം സംഘടിപ്പിക്കുന്നു. കെ.എസ്.ഇ.ബി എംപ്ലോയീസ് യൂണിയൻ ഹാളിൽ നടക്കുന്ന സംഗമം രാവിലെ 11 മണിക്ക് ബിഷപ്പ് ഗീവർഗ്ഗീസ് മാർ കൂറിലോസ് ഉദ്ഘാടനം ചെയ്യും. *ബന്ധങ്ങൾക്ക്: 9847072664*